**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2123** **06-07-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ കുടുംബ ആരോഗ്യ സർവ്വെ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറത്തിറക്കിയ ദേശീയ കുടുംബ ആരോഗ്യ സർവ്വെ-5 ലെ കണക്കുകൾ പ്രകാരം കേരളത്തിന്റെ ആരോഗ്യ രംഗത്തെ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ദേശീയ കുടുംബ ആരോഗ്യ സർവ്വെ-5 (2019-20) യിൽ കുടുംബാരോഗ്യം സംബന്ധിച്ച വിവരങ്ങളിൽ മുൻ സർവ്വേയുമായി (ദേശീയ കുടുംബ ആരോഗ്യ സർവ്വെ-4 (2015-16) താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ സ്ഥിതി മെച്ചപ്പെട്ടിട്ടുള്ളതിന്റെ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത സർവ്വെ പ്രകാരം കേരളത്തിന്റെ ആരോഗ്യ മേഖലയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | • ഗർഭിണികളെ ആദ്യമാസങ്ങളിൽ തന്നെ രജിസ്റ്റർ ചെയ്യുന്നതിനും ഗർഭകാല പരിശോധനകളും ചികിത്സയും നൽകുകയും ചെയ്യുന്നു.<br>• ഗർഭിണികൾക്ക് വിളർച്ച തടയുന്നതിനായി അയൺ ഫോളിക് ആസിഡ് ഗുളികകൾ നൽകുന്നു.<br>• സംസ്ഥാനത്തെ മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>• ഫീൽഡ് ജീവനക്കാർക്കും, ആശുപത്രി ജീവനക്കാർക്കും പരിശീലനം നൽകി.<br>• കുടുംബാസൂത്രണ മാർഗ്ഗങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>• ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ദേശീയ കുടുംബ ആരോഗ്യ സർവ്വെ-5 (2019-20) ഉം ദേശീയ കുടുംബ ആരോഗ്യ സർവ്വെ-4 (2015-16) ഉം തമ്മിലുള്ള താരതമ്യം**

| നം. | ഇനം | ദേശീയ കുടുംബ ആരോഗ്യ സർവ്വെ-4 (2015-16) (%) | ദേശീയ കുടുംബ ആരോഗ്യ സർവ്വെ-5 (2019-20) (%) |
|---|---|---|---|
| 1. | കൗമാര കാലത്തെ ഗർഭം 15-19 പ്രായപരിധിയിലുള്ള അമ്മമാർ/ ഗർഭിണികൾ (സർവ്വേ സമയത്ത്) | 3 | 2.4 |
| 2. | ഗർഭനിരോധന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്ന 15-49 പ്രായപരിധിയിലുള്ള വിവാഹിതരായ സ്ത്രീകൾ | 53.1 | 60.7 |
| 3. | ആധുനിക ഗർഭനിരോധന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്ന 15-49 പ്രായപരിധിയിലുള്ള വിവാഹിതരായ സ്ത്രീകൾ | 50.3 | 52.8 |
| 4. | സ്ത്രീ വന്ധ്യംകരണം | 45.8 | 46.6 |
| 5. | അൺമെറ്റ് നീഡ് ഫോർ ഫാമിലി പ്ലാനിംഗ് | 13.7 | 12.5 |
| 6. | ടോട്ടൽ ഫെർട്ടിലിറ്റി നിരക്ക് (ഓരോ സ്ത്രീയ്ക്കുമുള്ള കുട്ടികൾ) | 1.6 | 1.8 |
| 7. | ഗർഭിണികൾക്ക് ആദ്യ ട്രൈമെസ്റ്ററിൽ ANC ചെക്ക് അപ്പ് ലഭിച്ചതിന്റെ തോത് | 95.1 | 93.6 |
| 8. | Neonatal Tetanus Vaccine എടുത്തിട്ടുള്ള ഗർഭിണികൾ | 96.4 | 95.2 |
| 9. | Iron Folic Acid കഴിക്കുന്ന ഗർഭിണികൾ | 67.1 | 80.0 |
| 10. | സർക്കാർ ആശുപത്രികളിൽ പ്രസവത്തിനു വേണ്ടി വരുന്ന ശരാശരി ചെലവ് (ഒരു വ്യക്തിക്ക്) | Rs. 6901/- | Rs. 6710/- |
| 11. | ആശുപത്രികളിലെ പ്രസവം | 99.8 | 99.8 |
| 12. | കുട്ടികൾക്കുള്ള വാക്സിനേഷനു വേണ്ടി സർക്കാർ ആശുപത്രികളുടെ സേവനം തേടുന്നവർ | 77.6 | 87.3 |
| 13. | മൂന്നു വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളിൽ ജനിച്ച് ഒരു മണിക്കൂറിനുള്ളിൽ മുലപ്പാൽ ലഭിച്ചവർ | 64.3 | 66.7 |
| 14. | ആറുമാസം വരെയുള്ള കുഞ്ഞുങ്ങൾക്ക് മുലപ്പാൽ മാത്രം നൽകുന്നവർ | 53.03 | 55.5 |
| 15. | 5 വയസ്സിൽ താഴെയുള്ള കുട്ടികളിൽ stunded, wasted, under weight, over weight എന്നിവയുടെ തോത് | 19.7<br>15.7<br>16.1<br>3.4 | 23.4 (stunded)<br>15.8 (wasted)<br>19.7 (under weight)<br>4 (over weight) |
| 16. | അനീമിയ ബാധിച്ച കുട്ടികൾ (ദേശീയ ശരാശരിയെക്കാൾ കുറവ്) | 35.7 | 39.4 |
| 17. | അനീമിയ ബാധിച്ച ഗർഭിണികൾ (ദേശീയ ശരാശരിയെക്കാൾ കുറവ് | 22.6 | 31.4 |

സെക്ഷൻ ഓഫീസർ